**24020563**

24020563

**Reg. No..............................**

**Name..................................**

## B.A. DEGREE (C.B.C.S.) EXAMINATION, MAY 2024

**Second Semester**

Kathakali Maddalam

Core Course–MD2CRT03—BASIC KNOWLEDGE OF MADDALAM

(2017 Admission onwards)

Time : Three Hours | Maximum Marks : 80

### Part A

*Answer any* **ten** *short answer type questions* (1–12).
*Each question carries 2 marks.*

1. മദ്ദളത്തിലെ 5-ാമത്തെ പാഠകൈ ഏത് ? അത് സാധകം ചെയ്ത് ശീലിക്കുന്നതിന്റെ ഉദ്ദേശമെന്ത് ?
2. തോടയം എന്ന ഇനത്തിന്റെ ഉദ്ദേശമെന്ത് ? വിവരിക്കുക.
3. കേളി മുഖത്തിന്റെ താളമെന്ത് ? കേളി മുഖത്തിന് താളം പിടിക്കുന്ന സമ്പ്രദായമെങ്ങിനെ ?
4. എന്താണ് 'ധനാശി' ? വിവരിക്കുക,
5. കൂടിയാട്ടം എന്ന കലാരൂപത്തിന് എത്ര വർഷത്തെ പഴക്കമുണ്ടെന്നാണ് പറയപ്പെടുന്നത് ? ഈ കലാരൂപത്തിൽ ഉപയോഗിക്കുന്ന വാദ്യോപകരണങ്ങൾ ഏതെല്ലാം ?
6. കഥകളി മേളത്തിലും പഞ്ചവാദ്യരംഗത്തും പ്രശസ്തരായ ഈരണ്ട് മദ്ദള കലാകാരന്മാരുടെ പേരെഴുതുക.
7. സാധാരണ പുറപ്പാടിന് ചൊല്ലുന്ന സാഹിത്യം ഏത് കഥയുടെ പുറപ്പാടിന്റേതാണ് ? ആ കഥയുടെ രചയിതാവാര് ?
8. 'x' ഗുരു '–' ലഘു എന്നീ സംജ്ഞകൾ ഉപയോഗിച്ച് ചെമ്പട, ചമ്പ, അടന്ത താളങ്ങളുടെ മൂന്നാം കാലം രേഖപ്പെടുത്തുക.
9. തത വാദ്യങ്ങളെന്നാലെന്ത് ? ഉദാഹരണസഹിതം വിവരിക്കുക.
10. കൃഷ്ണനാട്ടത്തിന്റെ ഉപജ്ഞാതാവാര് ? എത്ര കഥകളാണ് കൃഷ്ണനാട്ടത്തിലുള്ളത് ? ഏതെല്ലാം ?
11. മദ്ദളത്തിന്റെ വലന്തലയിൽ ചോറിടുന്നതെന്തിന് ?
12. മദ്ദളത്തിന്റെ ഉത്ഭവത്തെക്കുറിച്ച് ഏതെങ്കിലും ഐതിഹ്യങ്ങൾ കേട്ടിട്ടുണ്ടെങ്കിൽ എഴുതുക.

(10 × 2 = 20)

## Part B

*Answer any* **six** *short essay type questions* (13–21).
*Each question carries* 5 *marks.*

13. 'കൊട്ടിക്കൂർപ്പിക്കൽ' എന്ന വാദന സമ്പ്രദായത്തെക്കുറിച്ച് ഉദാഹരണസഹിതം വിവരിക്കുക.
14. 'ജഹ്നുസുതാശ്രിതമൗലേ' മുതൽ തോടയാവസാനം വരെയുള്ള സാഹിത്യമെഴുതി, അവതരണ-മേളക്രമം വിവരിക്കുക.
15. കേളിയുടെ പതികാലത്തിലെ നിങ്ങൾക്കിഷ്ടമുള്ള ഒരു എണ്ണത്തിന്റെ വായ്ത്താരി ഏറ്റിച്ചുരുക്കൽ സഹിതമെഴുതുക.
16. ആചാര്യൻ, ശ്രീമാൻ കലാമണ്ഡലം അപ്പുകുട്ടി പൊതുവാൾ അവർകളെക്കുറിച്ച് ഒരു വിവരണം തയ്യാറാക്കുക.
17. ഒരു മദ്ദളത്തിന്റെ വിവിധ അംഗങ്ങളെക്കുറിച്ച് വിവരിക്കുക.
18. കേളി മുഖത്തിന്റെ വായ്ത്താരി എഴുതുക.
19. കഥകളിയുടെ ചടങ്ങുകൾ ഏതെല്ലാം ? അവയിൽ ഏതെങ്കിലും മൂന്ന് എണ്ണത്തെക്കുറിച്ച് വിവരിക്കുക.
20. പഞ്ചവാദ്യത്തിൽ ഉപയോഗിക്കുന്ന വാദ്യങ്ങളെക്കുറിച്ചും ഓരോ വാദ്യവും കൈകാര്യം ചെയ്യുന്നതിൽ കൃതഹസ്തരായ ഓരോ കലാകാരന്മാരെക്കുറിച്ചും വിവരിക്കുക.
21. കഥകളി രംഗത്ത് പ്രവർത്തിക്കുന്ന ഒരു മദ്ദളക്കാരന് അവശ്യം ഉണ്ടായിരിക്കേണ്ട അറിവുകൾ, ഗുണഗണങ്ങൾ എന്തെല്ലാം ? വിവരിക്കുക.

(6 × 5 = 30)

## Part C

*Answer any* **two** *long essay type questions* (22–25).
*Each question carries* 15 *marks.*

22. കേരളീയ തുകൽ വാദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തെക്കുറിച്ചും അവ ഉപയോഗിക്കുന്ന കലാരൂപങ്ങളെക്കുറിച്ചും വിവരിക്കുക.
23. മദ്ദളത്തിന്റെ അഭ്യസനക്രമം – പാഠകൈകൾ – അവ സാധകം ചെയ്ത് ശീലിക്കേണ്ടതിന്റെ ആവശ്യകത – മദ്ദള നിർമ്മാണം എന്നീ കാര്യങ്ങൾ വിവരിക്കുക.
24. കേരളീയ ക്ലാസ്സിക്കൽ - ദൃശ്യ - അനുഷ്ഠാന - നാടൻ കലാരൂപങ്ങളിലെ വൈവിധ്യത്തെക്കുറിച്ച് വിവരിക്കുക.
25. മദ്ദളകേളി - പഞ്ചവാദ്യം - കഥകളി മേളം എന്നിവയെ കുറിച്ചും ഇവയിൽ ഒരു മദ്ദള കലാകാരന് ലഭിക്കുന്ന പ്രവർത്തന - മനോധർമ്മ സാധ്യതകളെക്കുറിച്ചും വിവരിക്കുക.

(2 ×× 15 = 30)